**കാലം സാക്ഷി**

അബൂഅയ്മൻ

# ഖാദ്സിയയിലെ മഹാവിസ്മയം

**സാമ്രാജ്യത്വത്തെ** നേരിടണമെങ്കിൽ അചഞ്ചലമായ ആത്മവിശ്വാസവും ഇച്ഛാശക്തിയും വേണം. വിമോചനത്തിന്റെ വിപ്ലവദർശനമായ ഇസ്‌ലാമിനെ നെഞ്ചേറ്റുവാങ്ങിയവർ ചരിത്രത്തിൽ നിർവഹിച്ച നിയോഗങ്ങളിലൊന്ന് സാമ്രാജ്യത്വ വിരുദ്ധ പോരാട്ടമായിരുന്നു. റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളുടെ പിടിയിൽനിന്ന് അറബ് നാടുകളെ മോചിപ്പിച്ചത് ഇസ്‌ലാമാണ്. ഈ ഐതിഹാസിക വിമോചനപ്പോരാട്ടങ്ങളിൽ ഏറെ ശ്രദ്ധേയമായതാണ് ഇറാഖിൽ നടന്നത്. പേർഷ്യൻ സാമ്രാജ്യത്വത്തിന്റെ തകർച്ചക്കുവരെ അത് വഴിയൊരുക്കി. ഖാദ്സിയയിൽ വെച്ചായിരുന്നു ചരിത്രപ്രസിദ്ധമായ ആ ഏറ്റുമുട്ടൽ. സാഹസികതയും ആസൂത്രണവും അതീവ ജാഗ്രതയും ആവശ്യമായ പോരാട്ടം. അതിനാൽ താൻ തന്നെ അതിനുനേതൃത്വം നൽകണമെന്നായിരുന്നു ഖലീഫ ഉമറുൽ ഫാറൂഖിന്റെ ആഗ്രഹം. എന്നാൽ പ്രമുഖ സ്വഹാബികൾ അത് അംഗീകരിച്ചില്ല. അബ്ദുർറഹ്മാനുബ്നു ഔഫ് പറഞ്ഞു: 'താങ്കൾ ഇവിടെനിന്ന് എവിടെയും പോകരുത്. യുദ്ധത്തിന് സൈന്യത്തെ നിയോഗിക്കുക. യുദ്ധത്തിന് രണ്ട് സാധ്യതകളുണ്ട് - വിജയവും പരാജയവും. പരാജയപ്പെട്ട് താങ്കൾ വധിക്കപ്പെടുകയോ പിന്മാറുകയോ ചെയ്താൽ, പിന്നെ വിശുദ്ധ വചനം ഉച്ചത്തിലുരുവിടാൻ ഇവിടെ ഏറെപ്പേരുണ്ടാവില്ല.'

എങ്കിൽപിന്നെ ആരെ സർവസൈന്യാധിപനാക്കാമെന്നായി ഉമറിന്റെ ചിന്ത. ജനങ്ങളുമായി അദ്ദേഹം കൂടിയാലോചിച്ചു.

ആരെ സർവസൈന്യാധിപനാക്കും? അത്യസാധാരണമായ ധീരതയും സമർപ്പണ സന്നദ്ധതയും സാമർഥ്യവും നേതൃശേഷിയുമുള്ളവർക്കു മാത്രമേ ആ ഭാരിച്ച ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കാനാവൂ. അത് ആരെന്ന ചോദ്യത്തിന് ഖലീഫാ ഉമറിന്റെ മുമ്പിൽ ഒരൊറ്റ ഉത്തരമേ ഉണ്ടായിരുന്നുള്ളൂ. സഅ്ദുബ്നു അബീ വഖാസ്! ഉമറുൽ ഫാറൂഖ് പേര് നിർദേശിച്ചപ്പോൾ എല്ലാവരും ഏകസ്വരത്തിൽ പിന്തുണച്ചു. സഅ്ദിനെ ചുമതല ഏൽപിച്ചുകൊണ്ട് ഖലീഫ ഓർമിപ്പിച്ചു: 'ഉഹൈബ് ഗോത്രക്കാരനായ സഅ്ദ്! പ്രവാചകന്റെ അമ്മാവനും ആത്മമിത്രവുമാണെന്ന കാര്യം താങ്കളെ വഞ്ചിതനാക്കാതിരിക്കട്ടെ. അല്ലാഹു ഒരിക്കലും തിന്മയുടെ പാട് തിന്മകൊണ്ട് മായ്ച്ചു കളയുകയില്ല. നന്മ കൊണ്ടേ അതില്ലാതാക്കാനാകൂ. നബി (സ) നിർബന്ധം പുലർത്തിയിരുന്ന കാര്യങ്ങളിൽ കണിശത പാലിക്കുക. ക്ഷമ അവലംബിക്കുക.'

ആശയക്കുഴപ്പമുണ്ടാക്കി പേർഷ്യൻ സാമ്രാജ്യത്വവുമായുള്ള പോരാട്ടത്തിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കാൻ കപടവിശ്വാസികൾ ഗൂഢശ്രമങ്ങൾ നടത്തുന്നുണ്ടായിരുന്നു. ഇത് മനസ്സിലാക്കി ഉമറുൽ ഫാറൂഖ് ജനങ്ങളെ അഭിമുഖീകരിച്ചു: "ജനങ്ങളേ, സംശയവും ഭീരുത്വവും ജനിപ്പിക്കുന്ന പ്രചാരണങ്ങൾ നിങ്ങൾക്കിടയിൽ നടന്നിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. നാം എങ്ങനെ കോസ്റോസുമാരോടും സീസർമാരോടും ഏറ്റുമുട്ടുമെന്നാണ് ചിലർ ചോദിക്കുന്നത്. അല്ലാഹു സീസറെക്കാളും കോസ്റോസിനെക്കാളും വലിയവനാണെന്ന വസ്തുത വിസ്മരിച്ചതുപോലെയാണ് അവരുടെ പ്രചാരണം. നാം സാമ്രാജ്യത്വ ശക്തികളെ വെറുതെ വിട്ടാൽ അവർ അടങ്ങിയൊതുങ്ങിക്കൂടുമെന്നാണോ നിങ്ങൾ കണക്കുകൂട്ടുന്നത്?

'ഇസ്‌ലാം അറബികൾക്കു മാത്രമുള്ളതല്ല; മറിച്ച് മുഴുവൻ മനുഷ്യർക്കുമുള്ളതാണ്. ഇത് തങ്ങളുടെ സിംഹാസനത്തെ ഇളക്കുമെന്നും കിരീടം തെറിപ്പിക്കുമെന്നും ഭൂമിയിലെ ചക്രവർത്തിമാർ ഭയക്കുന്നു. തങ്ങൾ അടിമകളാക്കിയവരെ മോചിപ്പിച്ചുകളയുമോ എന്നും. തീർച്ചയായും അതൊക്കെ സംഭവിക്കുക തന്നെ ചെയ്യും. ഞാൻ മനസ്സിലാക്കുന്നു: നിങ്ങൾക്കിടയിൽ നാശം കൊതിക്കുന്ന നിരവധി പേരുണ്ട്. അവരുടെ വാക്കുകൾക്ക് ചെവികൊടുക്കുന്ന ചിലരുമുണ്ട്. അക്രമികളെ സംബന്ധിച്ച് നന്നായറിയുന്നവൻ അല്ലാഹുവാണ്. നിങ്ങൾക്ക് അനന്തരമായി നൽകുമെന്ന് വിശുദ്ധ ഗ്രന്ഥം വാഗ്ദാനം ചെയ്ത നാടുകളിലേക്ക് നീങ്ങുക. അല്ലാഹു അവന്റെ മാർഗത്തെ തുണക്കാതിരിക്കില്ല. തന്നെ സഹായിക്കുന്നവരെ അവൻ പ്രതാപവാന്മാരാക്കും. അല്ലാഹുവിന്റെ അനുസരണയുള്ള അടിമകളെവിടെ?'

ഖലീഫയുടെ ചോദ്യത്തിന് ജനങ്ങളുടെ പ്രതികരണം പ്രോത്സാഹജനകമായിരുന്നു. മദീനയിൽനിന്നുതന്നെ നാലായിരം പോരാളികൾ സഅ്ദിനോടൊപ്പം ചേർന്നു. തുടർന്ന് യാത്രയിലുടനീളം പോരാളികളുടെ സംഘങ്ങൾ അവരോട് ചേർന്നുകൊണ്ടിരുന്നു. അങ്ങനെ ഇറാഖിനടുത്തെത്തിയപ്പോഴേക്കും അവർ ഇരുപതിനായിരത്തോളമായി. അക്കാലത്തെ ഏറ്റം ശക്തമായ സാമ്രാജ്യത്വ ശക്തിയുടെ മുമ്പിലേക്ക് വിമോചനത്തിന്റെ വിപ്ലവഗീതമായി പുറപ്പെട്ട ആ സംഘത്തെ നയിക്കാൻ സൗഭാഗ്യമുണ്ടായത് സഅ്ദിനാണ്.

ഇറാഖിലെ ഖാദ്സിയയിൽ വെച്ചാണ് എതിരാളികളുമായുള്ള ഏറ്റുമുട്ടൽ. സഅ്ദും കൂട്ടുകാരും അവിടെ എത്തിയപ്പോഴേക്കും സിറിയയിൽനിന്ന് ഹാശിമുബ്നു ഉത്ബയുടെ നേതൃത്വത്തിൽ എണ്ണായിരം ഭടന്മാർ അവരോടൊപ്പം ചേർന്നു. അങ്ങനെ മുപ്പതിനായിരമായി ഉയർന്ന ആ വിമോചനപ്പോരാളികൾക്ക് എതിരിടാനുണ്ടായിരുന്നത് മൂന്നിരട്ടിയിലേറെ വരുന്ന പേർഷ്യൻ പടയെ. ആയുധശേഷിയിലും സാമ്രാജ്യത്വ സേന ഏറെ മുമ്പിൽ. എന്നിട്ടും സഅ്ദിന് അൽപം പോലും അങ്കലാപ്പില്ല. അല്ലാഹുവിലുള്ള അചഞ്ചലവിശ്വാസം, അതു സമ്മാനിച്ച സഹനശീലവും സാഹസികതയും ഇതായിരുന്നു കൈമുതൽ. ഭൗതിക മാനദണ്ഡങ്ങൾ വെച്ചു നോക്കിയാൽ എന്തുകൊണ്ടും പേടിച്ചു പിന്മാറേണ്ട സാഹചര്യം. യുദ്ധത്തിന്റെ തലേന്ന് രാത്രി പോലും അവർ സ്വസ്ഥമായി ഉറങ്ങി. സഅ്ദിന്റെയും സംഘത്തിന്റെയും ഈ അനുഭവം മനുഷ്യചരിത്രത്തിലെ മഹാ വിസ്മയമായി ഇന്നും അനുസ്മരിക്കപ്പെടുന്നു. ■